LIBRARY ARCHIVES Kerala Legislative Assembly

**സമിതിയോഗത്തിന് എം.എൽ.എ.-യെ ക്ഷണിക്കാത്ത നടപടി**

**159 (450)** ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ (DC) വകുപ്പ് 10-8-2009-ൽ ഇറക്കിയിട്ടുള്ള ജി.ഒ.പ്രകാരം (G.O.സ.ഉ.(സാധ)നമ്പർ 2020/2009/ത.സ്വ.ഭ./10-8-2009) GIDSSMT ആലപ്പുഴയിലെ ശുദ്ധജല വിതരണ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള സമിതിയിൽ അംഗമായ സ്ഥലം എംഎൽഎ.-യെ ആ കമ്മിറ്റിയിൽ ക്ഷണിക്കുകയോ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട്; കമ്മിറ്റി കൂടിയിട്ടുണ്ടെങ്കിൽ എം.എൽ.എ.-യെ പങ്കെടുപ്പിക്കാത്ത കാര്യം അന്വേഷിക്കുമോ;

(സി) ഈ കാര്യത്തിൽ ചട്ടലംഘനം നടന്നിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ പോകുന്നുവെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(ബി) ടി ഉത്തരവിനുശേഷം മൂന്ന് തവണ കമ്മിറ്റി കൂടിയിട്ടുണ്ട്. 10-8-2009-ലെ സ.ഉ.(സാധ)2020/09/തസ്വഭ ലഭിക്കാത്തിരുന്നതിനാൽ നഗരസഭയ്ക്ക് എംഎൽഎ.-യെ അറിയിക്കുന്നതിന് കഴിഞ്ഞില്ല.

(സി) തുടർന്നുള്ള മീറ്റിംഗുകളിൽ എം.എൽ.എ.യെ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

**തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി**

**159 (451)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തെരുവുനായ്ക്കളുടെ ശല്യംമൂലം വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീംകോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും പേവിഷ ബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/